**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3643. 23.06.2014 ൽ മറുപടിയ്ക്ക്.

<u>ദീർഘദൂര സർവ്വീസ് നടത്തുന്ന ബസുകളുടെ കാര്യക്ഷമത</u>

| ചോദ്യം<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>,, പി.സി. ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വാഹനങ്ങളുടെ ആധുനികവൽക്കരണത്തിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല. |
| (ബി) | കേരള മോട്ടോർ വാഹന നിയമമനുസരിച്ച് അപ്പർ ക്ലാസ് ബസുകളുടെ (ഫാസ്റ്റ് പാസഞ്ചർ ബസുകളും അതിന് മുകളിലും) കാലാവധി എത്ര വർഷമായിട്ടാണ് നിജപ്പെടുത്തിയിരിക്കുന്നത് ; | (ബി) | സൂപ്പർ ക്ലാസ് ബസ്സുകളുടെ കാലാവധി 5 വർഷമാണ്. 1989-ലെ കേരള മോട്ടോർ വാഹന ചട്ടം 260 എ പ്രകാരം, രജിസ്റ്റർ ചെയ്ത ദിവസം മുതൽ 5 വർഷം കഴിഞ്ഞ സ്റ്റേജ് കാര്യേജുകൾ ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസ്, സൂപ്പർ ഫാസ്റ്റ് സർവ്വീസ്, ലക്ഷ്വറി സർവ്വീസ്, സൂപ്പർ ഡീലക്സ് സർവ്വീസ്, സൂപ്പർ എക്സ്പ്രസ്സ് സർവ്വീസ് എന്നിവയായി ഉപയോഗിക്കുവാൻ പാടുള്ളതല്ല. |
| (സി) | ദീർഘദൂര സർവ്വീസുകൾ പ്രത്യേകിച്ച് മലയോര മേഖലകളിലേക്ക് സർവ്വീസ് നടത്തുന്ന അപ്പർ ക്ലാസ് ബസുകൾ പ്രസ്തുത നിയമത്തിലെ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണോ സർവ്വീസ് നടത്തുന്നത് ; | (സി) | അതെ. |
| (ഡി) | ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകളുടെ കാര്യക്ഷമത ഉറപ്പുവരുത്തി കൂടുതൽ യാത്രക്കാരെ ആകർഷിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ദീർഘദൂര ബസ്സുകളിലേക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുക എന്നത് ലക്ഷ്യമിട്ടാണ് കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിലേക്ക് അന്തർസംസ്ഥാന സർവ്വീസ് നടത്താനായി 10 മൾട്ടി ആക്സിൽ വോൾവോ ബസ്സുകൾ നിരത്തിലിറക്കിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. സംസ്ഥാനത്തിനകത്തും അന്തർസംസ്ഥാന റൂട്ടുകളിലും ഓടിച്ചിരുന്ന പഴയ സൂപ്പർ ഡീലക്സ് ബസ്സുകൾ |

| | | | |
|---|---|---|---|
| | | | മാറ്റി പുഷ്ബാക്ക് സീറ്റ് സംവിധാനത്തോടു കൂടിയ പുതിയ സൂപ്പർഡീലക്സ് ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. പുതിയ ബസ്സുകൾ വാങ്ങുവാൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിച്ചിട്ടുള്ളതിൽ 150 എണ്ണം എയർ സസ്പെൻഷനോടുകൂടിയ സൂപ്പർക്ലാസ് ബസ്സുകളാണ്. നടപടിക്രമങ്ങൾ കഴിഞ്ഞ് അത്തരം ബസ്സുകൾ നിരത്തിലിറങ്ങുന്നതോടു കൂടി സംസ്ഥാനത്തിനകത്ത് ദീർഘദൂര സർവ്വീസുകൾക്കായി സൂപ്പർക്ലാസ് ബസ്സുകൾ ഉപയോഗിക്കുവാൻ കഴിയുമെന്ന് കരുതുന്നു. അതോടു കൂടി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി.യുടെ ദീർഘദൂര സർവ്വീസുകളിലേക്ക് ആകർഷിക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ.